⇨ *വർഗ്ഗീയ ശക്തികൾക്കെതിരെയുള്ള പോരാട്ടത്തിൽ മുൻനിരയിലാണ്* ⇨

# വിമതശബ്ദങ്ങളെ ഭയപ്പെടുത്തുന്നത് എന്തിനാണ്?

നിയമാനുസൃതമല്ലാതെ വിദേശസഹായം കൈപ്പറ്റി എന്നു പറയുന്ന 9000ൽ അധികം സർക്കാരേതര സംഘടനകളിൽ ഒന്നുമാത്രമാണ് തീസ്ത സെതൽവാദിന്റേത് എന്നിരിക്കെ എന്തുകൊണ്ട് ഇവർ മാത്രം ഉപദ്രവിക്കപ്പെടുന്നു?

**ഇക്കണോമിക്ക് ആന്റ് പൊളിറ്റിക്കൽ വീക്കിലി എഡിറ്റോറിയൽ**

**മനുഷ്യാവകാശ** പ്രവർത്തകരായ ടീസ്ത സെതൽവാദിനും ഭർത്താവ് ജാവെദ് ആനന്ദിനുമെതിരെയുള്ള മോദി സർക്കാരിന്റെ അതിക്രൂരമായ ആക്രമണവും ഭീഷണിയും എല്ലാവിധ എതിർശബ്ദങ്ങളെയും അടിച്ചമർത്തുന്നതിനുള്ള വിപുലമായ പദ്ധതിയുടെ ഭാഗമാണ്. വിദേശ സഹായ(നിയന്ത്രണ) നിയമത്തിന്റെ ലംഘനമെന്ന് ആരോപിച്ച്, ഈ ദമ്പതികൾക്കുനേരെയുള്ള സർക്കാരിന്റെ നടപടികൾക്ക് യാതൊരു നീതീകരണവുമില്ല. നിയമാനുസൃതമല്ലാതെ വിദേശ സഹായം കൈപ്പറ്റി എന്നു പറയുന്ന ഒമ്പതിനായിരത്തിലധികം സർക്കാരേതര സംഘടനകളിൽ ഒന്നുമാത്രമാണ് ഇവരുടേത് എന്നിരിക്കെ എന്തുകൊണ്ട് ഇവർ മാത്രം ഉപദ്രവിക്കപ്പെടുന്നു?

കാരണങ്ങൾ വളരെ സ്പഷ്ടമാണ്. സെതൽവാദും ആനന്ദും അവർ പ്രതിനിധീകരിക്കുന്ന മൂന്നു സംഘടനകളും- സിറ്റിസൺസ് ഫോർ ജസ്റ്റിസ് ആന്റ് പീസ്(സി.ജെ.പി.), സബ്രങ് കമ്യൂണിക്കേഷൻസ്, സസബ്രങ് ട്രസ്റ്റ്- വർഗ്ഗീയ ശക്തികൾക്കെതിരെയുള്ള പോരാട്ടത്തിൽ മുൻനിരയിലാണ്. 2002ൽ ഗുജറാത്തിലുണ്ടായ വർഗ്ഗീയ അരുംകൊലയെ അതിജീവിച്ചവർക്ക് സി.ജെ.പി ചെയ്ത സഹായങ്ങളാണ് മുസ്ലീങ്ങൾക്കെതിരായ അക്രമണങ്ങളിൽ പങ്കെടുത്ത 120ഓളം പേരെ ശിക്ഷിക്കപ്പെടുന്നതിലേത്ത് നയിച്ചത്. ബൽക്കീസ് ലത്തീഫ് കേസ്, ബെസ്റ്റ് ബേക്കറി കേസ്, പ്രമാദമായ നരോദപാട്യാ കേസ് എന്നിവ പൊതുസമൂഹ ഇടപെടലുകൾ ഫലപ്രാപ്തിയിലെത്തിയതിന്റെ ഉത്തമോദാഹരണങ്ങളാണ്. അതല്ലായിരുന്നെങ്കിൽ, മറ്റ് വർഗ്ഗീയ കലാപക്കേസുകളിൽ സംഭവിച്ചതുപോലെ, സർക്കാരും രാഷ്ട്രീയതമ്പുരാക്കളും ഒത്തുചേർന്ന് കേസ് അനന്തമായി നീട്ടിക്കൊണ്ടുപോവുകയോ, 'തെളിവില്ലെന്നു' പറഞ്ഞ് തള്ളിക്കളയുകയോ ചെയ്യുമായിരുന്നു. കലാപത്തെ അതിജീവിച്ചവരെയും സാക്ഷികളെയും സി.ജെ.പി സംരക്ഷിച്ചതുകൊണ്ടും വക്കീലന്മാർക്ക് ഫീസ് നൽകി കോടതിയിൽ വാദിപ്പിച്ചതുകൊണ്ടും മാത്രമാണ് നീതിയുടെ സ്ഫുരണം അൽപ്പമെങ്കിലും സംഭവ്യമായത്,

ഇവരുടെയൊക്കെ സഹായം ഇല്ലായിരുന്നുവെങ്കിൽ, മതഭ്രാന്തന്മാരാൽ വധിക്കപ്പെട്ട ലോകസഭാംഗം ഇഹാൻ ജഫ്രിയുടെ വിധവ സാക്കിയ ജഫ്രിയെപ്പോലൊരാൾ, അന്നത്തെ ഗുജറാത്ത് മുഖ്യമന്ത്രി നരേന്ദ്ര

മോദിയും പോലാസ് മേധാവികളുമുൾപ്പെടെയുള്ള പ്രബലർക്കെതിരെ ക്രിമിനൽ ഗൂഡാലോചനക്ക് കേസു കൊടുക്കില്ലായിരുന്നു. തന്റെ ഭർത്താവിനെതിരെയുള്ള ആക്രമണത്തിലും 69പേർ കൊല്ലപ്പെട്ട ഗുൽബെർഗ് സൊസൈറ്റി സംഭവത്തിലും ഈ പ്രമുഖരൊക്കെ കൂട്ടുപ്രതികളാണെന്ന് സാക്കിയ ജഫ്രി ആരോപിച്ചു. സുപ്രീംകോടതി നിയോഗിച്ച പ്രത്യേകാന്വേഷണസംഘം മോദിക്കും കൂട്ടർക്കുമെതിരെ തെളിവുകൾ കണ്ടെത്തുന്നതിൽ പരാജയപ്പെട്ടെങ്കിലും പ്രസ്തുത റിപ്പോർട്ടിന്റെ സത്യസന്ധതയെ ചോദ്യം ചെയ്തുകൊണ്ടുള്ള ജഫ്രിയുടെ ഹർജി മജിസ്ട്രേറ്റ് കോടതി തള്ളിക്കളഞ്ഞെങ്കിലും അവർ പിടിച്ചു നിന്നു. 97 മുസ്ലീങ്ങൾ കൊല്ലപ്പെട്ട നരോദാ പാട്യ കൂട്ടക്കൊലക്കേസിൽ മോദി മന്ത്രിസഭാംഗമായിരുന്ന മായ കോഡ്നാനിയും ബാബു ബജ്രംഗിയും ശിക്ഷിക്കപ്പെട്ടതും തുല്യ പ്രധാന്യമുള്ള സംഭവമാണ്. രണ്ടുപേരും വിടുതലിനായി ഗുജറാത്ത് ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ട്. ഇതൊരിക്കലും സംഭവിക്കാതിരിക്കാൻ സി.ജെ.പി. ദൃഢചിത്തരാണ്.

സാക്കിയ ജഫ്രി നടത്തുന്ന കേസ്സിന്റെ എതിർകക്ഷികളിൽ പ്രമുഖൻ ഇപ്പോൾ പ്രധാനമന്ത്രാണ് എന്നതുകൊണ്ട്, അതിന്റെ നടത്തിപ്പിൽ പലവിധ തടസ്സങ്ങളും സംഭവിക്കുമെന്ന് ഉറപ്പാണ്. ജഫ്രിയേയും മറ്റ് ഗുജറാത്ത് ഇരകളെയും കേസുമായി മുന്നോട്ടുപോകുന്നതിൽനിന്നും തടയുക എന്നതാണ് സെതൽവാദിനും അവരുടെ സംഘടനകൾക്കുമെതിരെയുള്ള ആക്രമണത്തിന്റെ ഉദ്ദേശം. സി.ജെ.പി.യുടെ സഹകരണമില്ലാതെ ഒരാൾക്കും ഈ കേസുകൾ നടത്തിയെടുക്കാനാകില്ലെന്ന് സർക്കാരിന് വ്യക്തമായറിയാം. സി.ജെ.പിക്കും സബ്രങിനും തങ്ങളുടെ വരവുചെലവ് കണക്കുകളെക്കുറിച്ച് നിരവധി അന്വേഷണങ്ങൾ ആഭ്യന്തരമന്ത്രാലയത്തിൽനിന്നും കഴിഞ്ഞവർഷം നേരിടേണ്ടിവന്നിരുന്നു.

2015 ജൂലായ് എട്ടാം തീയതി സി.ബി.ഐ ഫയൽ ചെയ്ത എഫ്.ഐ.ആറിലും പിന്നീട് ജൂലായ് 14ന് സെതൽവാദിന്റെ വീട്ടിലും ഓഫീസിലും നടന്ന റെയ്ഡിലുമാണ് ഈ നടപടികൾ ചെന്നവസാനിച്ചത്. സെതൽവാദ് ആവർത്തിച്ച് ചൂണ്ടിക്കാട്ടിയതുപോലെ, അവരുടെ സംഘടനകൾ ആഭ്യന്തരമന്ത്രാലയത്തോട് പൂർണ്ണ സഹകരണം വാഗ്ദാനം ചെയ്തിട്ടുള്ളതും രേഖകളുടെ എല്ലാ പകർപ്പുകളും നൽകിയിട്ടുള്ളതുമാണ്. എന്നിട്ടു പോലും യാതൊരു മുന്നറിയിപ്പുമില്ലാതെ സി.ബി.ഐ അവരുടെ സ്ഥലം റെയ്ഡ് ചെയ്യുകയാണുണ്ടായത്. മുമ്പേ സമർപ്പിച്ചിട്ടുള്ള രേഖകളുടെതന്നെ പകർപ്പുകൾ ഉദ്യോഗസ്ഥർ ഒരു ദിവസം മുഴുവൻ മിനക്കെട്ടിരുന്ന് പരിശോധിച്ചു. നരോദാപാട്യ, സാക്കിയ ജഫ്രി കേസുകളുടെ വാദം തുടങ്ങാനിരിക്കെ സെതൽവാദിനെയും സഹപ്രവർത്തകരെയും നാണം കെടുത്തുകയും ഭീഷണിയിലാഴ്ത്തുകയും മാത്രമായിരുന്നു ഇതിന്റെയൊക്കെ ഉദ്ദേശം.

സെതൽവാദിനെ കൂടാതെ, എഫ്.സി.ആർ.എ ലംഘനം ആരോപിച്ചുകൊണ്ട് ഗ്രീൻപീസ് ഇന്ത്യയ്ക്കും ഇതേ അനുഭവുമുണ്ടായി. അവരുടെ അക്കൗണ്ടുകളും മരവിപ്പിച്ചിരിക്കുകയാണ്. സർക്കാർ അനുമതിയോടെ മദ്ധ്യപ്രദേശിലെ മഹാൻ കാടുകളിൽ കൽക്കരിഖനനം നടത്തുന്ന എസ്സാർ കമ്പനിയുടെ പരിസ്ഥിതി ലംഘനങ്ങളെക്കുറിച്ച്, ഒരു സംഘം ബ്രിട്ടീഷ് പാർലമെന്റേറിയന്മാർക്കുമുന്നിൽ സംസാരിക്കുന്നതിനായി ലണ്ടനിലേക്ക് പോകുന്നതിൽ നിന്നും ഒരു ഗ്രീൻപീസ് പ്രവർത്തകയെ തടയുകയുണ്ടായി. പരിസ്ഥിതി നിയമങ്ങൾ ലംഘിക്കുന്ന സർക്കാരുകളെയും കോർപ്പറേറ്റുകളെയും ശക്തമായി എതിർക്കുന്ന കാര്യത്തിൽ അന്താരാഷ്ട്രതലത്തിൽ തന്നെ പ്രസിദ്ധമാണ് ഗ്രീൻപീസ്. വ്യവസായവും വാണിജ്യവും പരിപോഷിപ്പിക്കുന്നതിനായി പരിസ്ഥിതി നിയമങ്ങൾ അടക്കമുള്ള പ്രതിബന്ധങ്ങൾ അതിവേഗം 'ക്ലിയർ' ചെയ്യുന്ന ഇന്നത്തെ ഇന്ത്യൻ സാഹചര്യത്തിൽ സർക്കാർ ഒരിക്കലും അടുപ്പിക്കാനാഗ്രഹിക്കാത്ത അലോസരമാണ് ഗ്രീൻപീസ് എന്നത് വ്യക്തമാണ്.

പുറത്തുവന്നുകൊണ്ടിരിക്കുന്ന വലിയൊരു ചിത്രത്തിന്റെ ഭാഗമാണ് സെതൽവാദിനെതിരെയും ഗ്രീൻപീസിനെതിരെയുമുള്ള പീഡനശ്രമങ്ങൾ. ഇതിനിടയിൽ നഷ്ടമാവുന്നത് ജനാധിപത്യത്തിന്റെ അവിഭാജ്യഘടകമായ ഭിന്നാഭിപ്രായ സ്വാതന്ത്ര്യമാണ്. സെതൽവാദിനു നേരെയുള്ള സി.ബി.ഐ റെയ്ഡിൽ കണ്ടതുപോലെ, പ്രകടമായ ഭീഷണിയിലൂടെയും ധനസമ്പാദനത്തെച്ചൊല്ലിയുള്ള ഉപദ്രവങ്ങളിലൂടെയും ചെറുസംഘടനകളിലെ പ്രവർത്തകർക്കെതിരെയുള്ള ശാരീരിക ഉപദ്രവങ്ങളിലൂടെയുമൊക്കെയാണ് ഇത് അരങ്ങേറുന്നത്. എതിർപ്പുകളെയും എതിർക്കുന്നവരെയും ഇങ്ങനെ ക്രൂരമായും സംഘടിതമായും അടിച്ചമർത്തുന്ന പ്രവണത ചോദ്യം ചെയ്യപ്പെടേണ്ടതാണ്. അല്ലെങ്കിൽ, വ്യത്യസ്താഭിപ്രായങ്ങൾ പ്രഖ്യാപിക്കുന്നതിനുള്ള ശേഷിച്ച ഇടങ്ങൾകൂടി ഈ രാജ്യത്ത് അതിവേഗം അപ്രത്യക്ഷമാകും. ■